# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5268 — 27.07.2015 ൽ മറുപടിയ്ക്ക്

### വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സാജു പോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓണം - റംസാൻ കാലത്ത് പൊതു കമ്പോളത്തിൽ അവശ്യസാധന വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിയന്ത്രണാതീതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വില വർദ്ധന പിടിച്ചു നിർത്തുന്നതിനായി എന്തെല്ലാം കമ്പോള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; ഇവ മുൻകാലങ്ങളിലുള്ളത്ര ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; | (ബി) 2009-ൽ 1250 ഓണച്ചന്തകളുണ്ടായിരുന്നു. ഇത് 2014-ൽ 1443 എണ്ണമായി ഉയർത്തി, 2015 ലും ഇത്രയും തന്നെ ഓണച്ചന്തകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. അതിനാൽ തന്നെ കൂടുതൽ വിപുലമായ ഇടപെടൽ ഇപ്പോഴുണ്ട്. ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടായ അവശ്യസാധനങ്ങളുടെ ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് എന്നീ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് ചില സന്ദർഭങ്ങളിൽ നേരിയതോതിൽ വിലക്കയറ്റം ഉണ്ടാകാറുണ്ട്. എന്നിരുന്നാലും സപ്ലൈകോയുടെ ഫലപ്രദമായ വിപണിയിടപെടൽ വഴി അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതുമൂലം പൊതുവിപണി വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ച് നിർത്താൻ സാധിക്കുന്നുണ്ട്. ഇതിനായി താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>(1). നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്ന തിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു. |

(2). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

(3). ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതി നായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(4). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5 മുതൽ 30% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കു കയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

(5). പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

(6). ഈ കൊല്ലവും സജീവമായി വിപണിയിൽ ഇടപെട്ട് കൊണ്ട് ഓണക്കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി പ്രത്യേക ഓണച്ചന്തകൾ ആരംഭിക്കുന്നതാണ്.

| | |
|---|---|
| (സി) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടുണ്ടോ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ